# ഇബാദത്തുകൾ സ്വീകരിക്കപ്പെടണമെങ്കിൽ...

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ الله (ﷺ): أَيُّها النَّاس , إِنَّ اللَّهَ طَيِّبٌ لاَ يَقْبَلُ إِلَّا طَيِّبًا, وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِه الْمُرْسَلِينَ ..... ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ, يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ,يَا رَبِّ, وَ مَطْعَمُهُ حَرَامٌ,وَمَشْرَبُهُ حَرَامٌ, وَمَلْبَسُهُ حَرَامٌ, وَ غُذِيَ بِالْحَرَامِ,فَأَنَّى يُسْتَجَابُ لِذَلِكَ ؟

**അബൂ ഹുറയ്റ(റ)യിൽ നിന്ന്. പ്രവാചകൻ (സ) അരുളി: ജനങ്ങളേ നിശ്ചയം അല്ലാഹു പരിശുദ്ധനാണ്. പരിശുദ്ധമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല. അല്ലാഹു പ്രവാചകൻമാരോട് കൽപിച്ചത് സത്യവിശ്വാസികളോടും കൽപിച്ചിരിക്കുന്നു. ...... അനന്തരം പ്രവാചകൻ ഒരാളെക്കുറിച്ച് പറഞ്ഞു: അദ്ദേഹം ദീർഘദൂരം യാത്ര ചെയ്തതു കാരണം മുടി ജടകുത്തുകയും പാദങ്ങളിൽ പൊടിപടലങ്ങൾ പറ്റുകയും ചെയ്തിരിക്കും. അയാൾ ഇരുകൈകളും വാനിലേക്കുയർത്തി നാഥാ, നാഥാ എന്നിങ്ങനെ വിളിച്ച് പ്രാർഥിക്കും. അവന്റെ ഭക്ഷണവും പാനീയവും വസ്ത്രവും നിഷിദ്ധമാണ്. (ഇങ്ങനെ എല്ലാവിധത്തിലും) നിഷിദ്ധമായവ കൊണ്ടാണ് അവൻ വളർത്തപ്പെട്ടത്. പിന്നെയെങ്ങനെ അവന്റെ പ്രാർഥനക്ക് ഉത്തരം ലഭിക്കാനാണ്? (മുസ്‌ലിം).**

പ്രാർഥനകളും ആരാധനകളും സ്വീകരിക്കപ്പെടണമെങ്കിൽ നമ്മുടെ സമ്പാദ്യം സംശുദ്ധമായിരിക്കുകയും അന്യന്റേതായ ഒരവകാശവും അതിൽ കൂടിക്കലരാതിരിക്കുകയും വേണം. അവിഹിതമോ അന്യായമോ ആയ മാർഗേണയാണ് ഒരുവന്റെ സമ്പാദ്യമെങ്കിൽ അവന്റെ സൽക്കർമങ്ങളും പ്രാർഥനകളും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുകയില്ല എന്നാണു ഈ നബിവചനം നമ്മെ ഉണർത്തുന്നത്.

വിശ്വാസിയുടെ അകവും പുറവും സംശുദ്ധമായിരിക്കുകയെന്നത് ഈമാനിന്റെ തേട്ടമാണ്. തങ്ങളുടെ മുഴുവൻ പ്രവർത്തന മേഖലകളിലും ഈ സംശുദ്ധി പ്രകടമാവണം. ശുദ്ധമായ ഭക്ഷണ പാനീയങ്ങളും വസ്ത്രധാരണവും മനുഷ്യത്വത്തെ ഉയർത്തുകയും സംസ്കരിക്കുകയും ദിവ്യ സന്നിധാനവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. കൂടാതെ ഇഹ-പര വിജയത്തിനും ഐശ്വര്യത്തിനും പ്രതാപത്തിനും ഇതനിവാര്യമാണ്. തങ്ങളുടെ ജീവിതത്തെയും കർമങ്ങളെയും നന്മയിൽ സ്ഫുടം ചെയ്തെടുത്ത് കളങ്കരഹിതമായ ജീവിതം നയിക്കണമെന്നും അല്ലാത്തപക്ഷം കഠിന കഠോരമായ ശിക്ഷയാണ് പ്രതിഫലമെന്നും ഖുർആൻ ഉണർത്തുന്നുണ്ട് (35:10).

പ്രാർഥനയും ആരാധനയും മുറപ്രകാരം നിർവഹിക്കുന്ന ഓരോ വിശ്വാസിയും ഈ പ്രവാചക വചനത്തെ മുൻനിർത്തി ജീവിതത്തെ വിലയിരുത്തി നോക്കുക. സമ്പത്തിൽ നിസ്വാബ് പൂർത്തിയായ മുറക്ക് സകാത്ത് കൃത്യമായ തോതിൽ യഥാർഥ അവകാശികൾക്ക് നൽകാറുണ്ടോ, തങ്ങളുടെ വീടുനിർമാണത്തിലും വാഹനം വാങ്ങിക്കുന്നതിനും നിഷിദ്ധമായ പലിശ ഇടപാട് ഉണ്ടായിട്ടുണ്ടോ, മക്കളുടെ വിവാഹത്തിനു സ്ത്രീധനം പറഞ്ഞുറപ്പിച്ചിട്ടുണ്ടോ, ജോലിയും സമ്പാദ്യവും അനുവദനീയമായ രീതിയിലാണോ... മറുപടി തൃപ്തികരമല്ലെങ്കിൽ നമ്മുടെ പ്രാർഥനകളും ആരാധനകളും എങ്ങനെയാണ് സ്വീകരിക്കപ്പെടുക? അന്യരുടെ അവകാശമായ സകാത്തിൽ നിന്നും വല്ല അംശവും നമ്മുടെ ധനത്തിൽ കലർന്നാൽ അത് നമ്മുടെ ഇബാദത്തുകളെ പ്രതികൂലമായി ബാധിക്കും. പലിശ -അതെത്ര തുച്ഛമായതാകട്ടെ- നമ്മൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അതും നമ്മുടെ പ്രാർഥനകളെ തടയും. സൽക്കർമങ്ങളെ വ്യർഥാവിലാക്കും. മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നും നിഷിദ്ധ മാർഗത്തിലേർപ്പെട്ടും ഉണ്ടാക്കിയ സമ്പത്ത് ഉപയോഗപ്പെടുത്തി ഹജ്ജിനും ഉംറക്കുമായി പുറപ്പെടുന്നവരുടെ സ്ഥിതിയും മറിച്ചല്ല. നിഷിദ്ധമായ ഭക്ഷണ-പാനീയങ്ങളും വസ്ത്രധാരണവും ജീവിത ശൈലിയാക്കിയവരുടെ ഇബാദത്തുകൾ അല്ലാഹു സ്വീകരിക്കുയില്ല എന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന്: റസൂൽ (സ) പറഞ്ഞു: 'ശുദ്ധിയില്ലാത്ത നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല; വെട്ടിപ്പു നടത്തി സമ്പാദിച്ചതിൽ നിന്നുള്ള സ്വദഖയും' (മുസ്‌ലിം).

പ്രാർഥന നിരസിക്കപ്പെടാൻ പല കാരണങ്ങളുമുണ്ടാകാം. ഒരിക്കൽ ഇബ്റാഹീമുബ്നു അദ്ഹമിന്റെ സദസ്സിൽ ഒരു സംശയം ഉന്നയിക്കപ്പെട്ടു. പ്രാർഥിച്ചാൽ ഞാൻ ഉത്തരമേകുമെന്ന് അല്ലാഹു ഖുർആനിൽ പറയുന്നുണ്ടല്ലോ. പക്ഷേ, എത്ര പ്രാർഥിച്ചിട്ടും ഞങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല. എന്തുകൊണ്ടായിരിക്കുമത്? അദ്ദേഹം മറുപടി പറഞ്ഞു: നിങ്ങളുടെ ഹൃദയം നിർജീവമായത് കൊണ്ടാണത്. എട്ടു കാര്യങ്ങൾ ഹൃദയത്തെ നിർജീവമാക്കുന്നു. നിങ്ങൾ അല്ലാഹുവിനോടുള്ള ബാധ്യത തിരിച്ചറിയുന്നു; പക്ഷേ അത് നിർവഹിക്കുന്നില്ല. ഖുർആൻ പാരായണം ചെയ്യുന്നു; അതിന്റെ വിധിവിലക്കുകളനുസരിച്ച് പ്രവർത്തിക്കുന്നില്ല. പ്രവാചകനോട് അങ്ങേയറ്റം സ്നേഹമുണ്ടെന്ന് വാദിക്കുന്നു; അവിടുത്തെ ചര്യകൾ പിന്തുടരുന്നില്ല. മരണത്തെ ഭയമുണ്ടെന്ന് പറയുന്നു; അതിനുവേണ്ടി തയാറാകുന്നില്ല. പിശാച് മുഖ്യ ശത്രുവാണെന്നും അവനെ കരുതിയിരിക്കണമെന്നും അല്ലാഹു പറയുന്നു; നിങ്ങളാകട്ടെ അവനോടൊപ്പം പാപത്തിന്റെ കിടപ്പറ പങ്കിടുന്നു. നരകത്തെ പേടിയാണെന്ന് പറയുന്നു; സ്വന്തം ശരീരത്തെ അതിലേക്ക് വലിച്ചിഴക്കുകയും ചെയ്യുന്നു. സ്വർഗം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു; അതിന് വേണ്ടി പ്രവർത്തിക്കുന്നില്ല. സ്വന്തം ന്യൂനതകളെ വിസ്മരിക്കുകയും മറ്റുള്ളവരുടെ വീഴ്ചകൾക്കു പിന്നാലെ പായുകയും ചെയ്യുന്നു. ഇവ സ്രഷ്ടാവിനെ വെറുപ്പിക്കുതാണ്. പിന്നെ എങ്ങനെ അവൻ നിങ്ങൾക്ക് ഉത്തരം നൽകും? (*ഇഹ്‌യാ ഉലൂമിദ്ദീൻ*). ■